**കേരള സർക്കാർ**

**ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്,**
**ആഞ്ജനേയ, റ്റി.സി 9/1023(1), ഗ്രൗണ്ട് ഫ്ളോർ, ശാസ്തമംഗലം,**
**തിരുവനന്തപുരം - 10.**
**ഫോൺ 0471-2720977.**

# <u>സർക്കുലർ</u>

വിഷയം :- എസ്.സി.പി.ഡബ്ള്യൂ.ഡി - നോവൽ കൊറോണ വൈറസ് (Covid-19) പകർച്ച വ്യാധിയുമായി ബന്ധപ്പെട്ട് ലോക് ഡൗൺ പ്രഖ്യാപിച്ച കാലയളവിൽ ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട വിവിധ സർക്കാർ രേഖകൾ പുതുക്കുന്നതിന് കാലാവധി ദീർഘിപ്പിച്ചു നൽകി - ഉത്തരവാകുന്നു.

================================================================

നം.1129/എസ്1/20/എസ്.സി.പി.ഡബ്ല്യൂ.ഡി തീയതി, തിരുവനന്തപുരം,25.06.2020.

================================================================

നോവൽ കൊറോണ വൈറസ് (Covid-19) എന്ന മഹാമാരി സംസ്ഥാന വ്യാപകമായി പടരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ലോക് ഡൗൺ കാലയളവിൽ ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട കെ.എസ്.ആർ.ടി.സി യാത്രാ പാസ്സുകൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ, വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗത്വം പുതുക്കൽ, ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് പുതുക്കൽ, ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ തുടങ്ങിയവയും ഇവരുമായി ബന്ധപ്പെട്ട മറ്റ് സർട്ടിഫിക്കറ്റുകളും പുതുക്കുവാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ ശ്രദ്ധയിൽപ്പെടുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ ലോക് ഡൗൺ പിൻവലിക്കുന്നതുവരെയോ ഇതുമായി ബന്ധപ്പെട്ട് സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ ഭിന്നശേഷിക്കാരുടെ ഇപ്പോൾ നിലവിലുള്ള/കൈവശമുള്ള പാസ്/സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് നിയമ സാധുത ഉണ്ടായിരിക്കുന്നതാണ് എന്നും ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട് വരുന്ന എല്ലാവിധ ആനുകൂല്യങ്ങൾക്കും ഇത് ആധികാരികമായി ഉപയോഗിക്കാവുന്നതാണ് എന്നും ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ ഉത്തരവാകുന്നു.

ഡോ. ഹരികുമാർ. ജി

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ ആന്റ്
ഗവ: സെക്രട്ടറി (എക്സ്-ഒഫിഷ്യോ)

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, ഗവ: സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഗവ: സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം
സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്, ഗവ: സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, സാമൂഹ്യനീതി (ഡി) വകുപ്പ്, ഗവ: സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം
സെക്രട്ടറി, ഗതാഗത വകുപ്പ്, ഗവ: സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്.പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവന്മാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ- എന്നിവ വഴി വേണ്ട പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി